(ബി) തുക ലാപ്സാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നുവർഷങ്ങളിലായി, പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും പ്രത്യേക സാമ്പത്തിക സഹായമായി ആകെ 8.7114 കോടി രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ, ഈ ഇനത്തിൽ സംസ്ഥാനം കഴിഞ്ഞ മൂന്നുവർഷങ്ങളിലായി 9.6864 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി, സി) ഉദിക്കുന്നില്ല.

പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കുവേണ്ടി ചെലവഴിക്കാൻ മാറ്റിവച്ച തുക

362. [546] ശ്രീ. പി. വിജയദാസ് :
ശ്രീമതി റേച്ചൽ സണ്ണി പനവേലി :
ശ്രീ. ആർ. എസ്. ഉണ്ണി :
,, കെ. കെ. ബാലകൃഷ്ണൻ :
,, എ കെ. ശശീന്ദ്രൻ :
,, എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രത്യേക ഘടകപദ്ധതിയനുസരിച്ച് 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു വേണ്ടി ചെലവഴിക്കാൻ മാറ്റിവെച്ച സംഖ്യയെത്ര ;

(ബി) ഇതിൽ ചെലവായതെത്ര ;

(സി) ചെലവാക്കാൻ കഴിയാതെ പോയതെത്ര ?

ഉത്തരം

(എ, ബി, സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് †

ഹരിജനക്ഷേമ വകുപ്പ് വിദ്യാഭ്യാസത്തിനു ചെലവാക്കിയ തുക

363. [547] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തിക വർഷത്തിൽ ഹരിജനക്ഷേമവകുപ്പ് വിദ്യാഭ്യാസച്ചെലവുകൾക്കായി എത്ര രൂപ ചെലവാക്കി ;

(ബി) അതിൽ കുമാരപിള്ള കമ്മീഷൻ ശുപാർശ പ്രകാരം ഹരിജനങ്ങളല്ലാത്തവർക്ക് എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1986 ഫെബ്രുവരി മാസം അവസാനം വരെ 1478.137 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) 1986 ഫെബ്രുവരി അവസാനം വരെ 126.890 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

† അനുബന്ധം—IV

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—VI

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ [546] കാണുക

അനുബന്ധം (രൂപ ലക്ഷത്തിൽ)

	പട്ടിക ജാതിക്കാർക്കുള്ള പ്രത്യേക ഘടകപദ്ധതി പ്രകാരം			പട്ടിക വർഗ്ഗക്കാർക്കുള്ള ഉപപദ്ധതി പ്രകാരം		
വർഷം	ചെലവഴിക്കാൻ മാറ്റിവെച്ച തുക	ചെലവായ തുക	ചെലവാക്കാൻ കഴിയാതെ പോയ തുക	ചെലവഴിക്കാൻ മാറ്റിവെച്ച തുക	ചെലവായ തുക	ചെലവാക്കാൻ കഴിയാതെ പോയ തുക
(1)	(2)	(3)	(4)	(5)	(6)	(7)
1982–83	2035.71	1566.760	468.950	522.045	371.412	150.633
1983–84	2300.80	2286.528	14.272	579.690	459.479	120.211
1984–85	2827.80	2902.890	ഇല്ല	645.000	642.25	2.750
1985–86	3638.90	1053.083 (ജനുവരി 31 വരെയുള്ള കണക്കുകൾ താല്ക്കാലികം)		768. 35	302.742 (ജനുവരി 31 വരെയുള്ള കണക്കുകൾ താല്ക്കാലികം)	